**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി - മാർഗരേഖയും സബ്സിഡി മാർഗരേഖയും കൂടുതൽ ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ) നം.**2464**/2016/തസ്വഭവ തിരുവനന്തപുരം, തീയതി : **17.08.2016**

പരാമർശം : 1) സ.ഉ.(എം.എസ്) നം.4/2016/തസ്വഭവ. തീയതി 11.01.2016
2) 10.08.2016-ന് ചേർന്ന സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ നമ്പർ 1.2, 1.3, 1.8, 1.9, 1.10 , 2.20 തീരുമാനങ്ങൾ

**ഉത്തരവ്**

10.08.2016-ൽ ചേർന്ന പരാമർശം (2) ലെ വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) – ലെ പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗരേഖയിലും, സബ്സിഡി മാർഗരേഖയിലും ചുവടെ ചേർത്തിട്ടുള്ള ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) **പുതിയ ഹൗസിംഗ് പ്രോജക്ടുകൾ**

ഒരു തദ്ദേശഭരണ സ്ഥാപനത്തിന് ലഭിക്കുന്ന പൊതു വിഭാഗം ഫണ്ടിന്റെ 15%ൽ അധികരിക്കാത്ത തുക മാറ്റി വയ്ക്കുന്ന രീതിയിൽ പൊതു വിഭാഗത്തിനുവേണ്ടി ഭവന നിർമ്മാണ പദ്ധതികൾ ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നു. ഇ.എം.എസ് ഭവന പദ്ധതി തുടങ്ങിയ ഭവന പദ്ധതികളുടെ വായ്പാ തിരിച്ചടവ് തുകയും ഈ 15%ൽ ഉൾപ്പെടുത്തേണ്ടതാണ്.

2) **നെൽകൃഷി കൂലി ചെലവ്**

പരാമർശം (1) സബ്സിഡി മാർഗരേഖയിൽ (3.1.(5) നെൽകൃഷിക്ക് കൂലി ചെലവ് ഏക്കറിന് 6000 രൂപ എന്നത് ഹെക്ടറിന് (2.5 ഏക്കർ) 6000 രൂപ എന്ന് തിരുത്തി ഭേദഗതി ചെയ്യുന്നു.

3) **ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകി വരുന്ന വിവധതരം ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി ഭവന നിർമ്മാണത്തിനൊഴികെ പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് 1 ലക്ഷം രൂപയായും എസ്.സി. വിഭാഗത്തിന് 1.5 ലക്ഷം രൂപയുമായി ഉയർത്തുന്നു. എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്ക് വരുമാന പരിധി ബാധകമല്ല. വീട് നൽകുന്നതിനുള്ള വാർഷിക വരുമാന പരിധി നിലവിലുള്ള 50,000/- രൂപയിൽ തുടരുന്നതാണ്. എസ്.സി. വിഭാഗം ഗുണഭോക്താക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് വരുമാന പരിധി നോക്കേണ്ടതില്ല.

4) **ലാപ് ടോപ് നൽകുന്നത് സംബന്ധിച്ച്**

എസ്.സി. വിഭാഗത്തിൽപ്പെട്ട ബിരുദ വിദ്യാർത്ഥികൾക്കും പോളിടെക്നിക് വിദ്യാർത്ഥികൾക്കും കൂടി ലാപ് ടോപ് നൽകുന്നതിന് അനുമതി നൽകുന്നു. ഒരു വിദ്യാർത്ഥിക്ക് പഠന കാലയളവിൽ ഒരു പ്രാവശ്യം മാത്രമേ ലാപ് ടോപ് നൽകാവൂ. വകുപ്പിൽ നിന്ന് ഈ ആനുകൂല്യം കിട്ടിയില്ലെന്ന് എസ്.സി. ഡെവലപ്മെന്റ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

5) **സൈക്കിൾ വിതരണം സംബന്ധിച്ച്**

8, 9 ക്ലാസ്സുകളിൽ പഠിക്കുന്ന എസ്.സി./എസ്.റ്റി വിദ്യാർത്ഥികൾക്ക് കൂടി സൈക്കിൾ നൽകുന്നതിന് അനുമതി നൽകുന്നു. ഇതിനായി സ്കൂളിൽ നിന്നും ലിസ്റ്റ് വാങ്ങേണ്ടതും, ഡിപ്പാർട്ട്മെന്റിൽ നിന്ന് സൈക്കിൾ ലഭിച്ചിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

6) നഗരസഭകളുടെ പദ്ധതി നിർവഹണ ഉദ്യോഗസ്ഥരുടെ പട്ടികയിൽ സിദ്ധ മെഡിക്കൽ ഓഫീസറെ കൂടി ഉൾപ്പെടുത്തുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എ.കെ.മോഹനകുമാർ**

ഗവ.ജോയിൻറ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
സെക്രട്ടറി, ആയുഷ് വകുപ്പ്.
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി/പട്ടികവർഗ വികസന വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആൻറ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
ഡയറക്ടർ, കില, തൃശ്ശൂർ
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ